**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 186** — **07-10-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ എഫ്.എച്ച്.സി മഴുവന്നൂർ, എഫ്.എച്ച്.സി വാഴക്കുളം, എഫ്.എച്ച്.സി കുമാരപുരം, എഫ്.എച്ച്.സി തിരുവാണിയൂർ എന്നീ ആശുപത്രികളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പി.എച്ച്.സി പട്ടിമറ്റം, പി.എച്ച്.സി പൂതൃക്ക എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.<br><br>ലാബ് സൗകര്യങ്ങൾ വിപുലീകരിക്കുക<br><br>രോഗികൾക്ക് വേണ്ടി കുടിവെള്ള സജ്ജീകരണം, ടി.വി., എയർപോർട്ട് ചെയർ എന്നിവ ഒരുക്കൽ<br><br>പെയിന്റിംഗ് വർക്കുകൾ<br><br>ഇമേജ് റൂമിന്റെ നവീകരണം<br><br>ആവശ്യമുള്ള ഇലെക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകളുടെ നവീകരണ പ്രവൃത്തികൾ<br><br>ഗ്രിൽ ഡോർ സ്ഥാപിക്കൽ<br><br>അലുമിനിയം വർക്കുകൾ<br><br>കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിനുള്ള നെയിം ബോർഡ് സ്ഥാപിക്കൽ<br><br>ഒ.പി രജിസ്ട്രേഷൻ കൗണ്ടർ സ്ഥാപിക്കൽ<br><br>രോഗികൾക്കുവേണ്ടിയുള്ള റാമ്പിന്റെ നിർമ്മാണം |

<table>
<tr>
<td></td>
<td></td>
<td></td>
<td>
ഒബ്സർവേഷൻ റൂമിന്റെ നവീകരണം<br><br>
ടോയ്‌ലറ്റുകളുടെ നവീകരണം<br><br>
പ്രീചെക്കപ്പിനുള്ള സംവിധാനം ഏർപ്പെടുത്തൽ<br><br>
ഒ.പി റൂമുകളുടെ നവീകരണം<br><br>
ഒ.പി റൂമിനോട് ചേർന്ന് രോഗികൾക്കുള്ള വെയ്റ്റിംഗ് ഏരിയ സജ്ജീകരണം<br><br>
ഡ്രസിങ് റൂമിന്റെയും ഓട്ടോക്ലേവ് റൂമിന്റെയും നവീകരണം<br><br>
സ്റ്റാഫ് റൂം നവീകരണവും ടോയ്‌ലറ്റ് നിർമ്മാണവും<br><br>
പെയിന്റിംഗ് വർക്കുകൾ<br><br>
ഇമേജ് റൂമിന്റെ നവീകരണം<br><br>
ആവശ്യമുള്ള ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകളുടെ റിനോവേഷൻ പ്രവൃത്തികൾ.<br><br>
നഴ്സിംഗ് സ്റ്റേഷൻ , ഒ. പി കൌണ്ടർ പുന:ക്രമീകരണം<br><br>
ഫാർമസി , സ്റ്റോർ എന്നിവയുടെ നവീകരണം<br><br>
പ്രതിരോധ കുത്തിവയ്പ്പ് കേന്ദ്രത്തിന്റെ പരിഷ്കരണം<br><br>
പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നമ്പർ</th><th>സ്ഥാപനത്തിന്റെ പേര്</th><th>ചെലവാക്കിയ തുക (രൂപയിൽ)</th></tr>
<tr><td>1.</td><td>എഫ്.എച്ച്.സി മഴുവന്നൂർ</td><td>12,40,785</td></tr>
<tr><td>2.</td><td>എഫ്.എച്ച്.സി വാഴക്കുളം</td><td>13,13,081</td></tr>
<tr><td>3.</td><td>എഫ്.എച്ച്.സി കുമാരപുരം</td><td>12,85,514</td></tr>
<tr><td>4.</td><td>എഫ്.എച്ച്.സി തിരുവാണിയൂർ</td><td>14,87,676</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>കുന്നത്തുനാട് മണ്ഡലത്തിൽ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്ന പി.എച്ച്.സികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;</td>
<td>(സി)</td>
<td>പി.എച്ച്.സി പട്ടിമറ്റം, പി.എച്ച്.സി പൂതൃക്ക എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പ്രവൃത്തി പുരോഗമിക്കുന്നു.</td>
</tr>
<tr>
<td>(ഡി)</td>
<td>അപ്ഗ്രേഡ് ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?</td>
<td>(ഡി)</td>
<td>ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ